ഉത്തരം

(എ-ഡി) ഉണ്ട്. ഇത് സംബന്ധിച്ച് മലയിൻകീഴ് പോലീസ് സ്റ്റേഷനിൽ ക്രൈം 107/2000, ക്രൈം 113/2000 എന്നീ രണ്ടു കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നു വരുന്നു.

(ഇ) പോലീസ് പിക്കറ്റുകൾ ഏർപ്പെടുത്തിയും ശക്തമായ പോലീസ് പട്രോളിംഗ് നടത്തിയും സമാധാനം പുന;സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

ജനകീയ പോലീസ് പദ്ധതി

45 (46) ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയ പോലീസ് പദ്ധതി, പോലീസിൽ ജനങ്ങൾക്കുള്ള വിശ്വാസം കുറയ്ക്കുമെന്ന് ഉയർന്ന പോലീസ് ആഫീസർമാർ ആരെങ്കിലും ഡി.ജി.പി.ക്ക് കത്ത് നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൽ വിശദീകരിക്കുന്ന കാര്യങ്ങൾ എന്തെല്ലാമാണ് ;

(സി) ഈ കാര്യങ്ങളെപ്പറ്റി പരിഗണിച്ചുവോ ; എങ്കിൽ ഫലമെന്ത് ;

(ഡി) പരിഗണിക്കാത്ത പക്ഷം അതിനുള്ള കാരണമെന്താണ് ;

(ഇ) ജനകീയ പോലീസ് പദ്ധതി നടപ്പാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(എഫ്) ഈ പദ്ധതി എന്നു മുതൽ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) ജനകീയ പോലീസ് പദ്ധതി സംബന്ധിച്ച കരട് രൂപരേഖയുടെ ഒരു "പ്രിലിമിനറി ഡ്രാഫ്റ്റ്" പോലീസ് വകുപ്പിലെ വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥൻമാർക്ക് ഡി.ജി.പി. അയച്ചു കൊടുത്ത് അഭിപ്രായം ആരാഞ്ഞിട്ടുള്ളതും, പ്രസ്തുത പദ്ധതിയുടെ ഗുണദോഷവശങ്ങളെപ്പറ്റിയും ഇത് നടപ്പിലാക്കുന്നതിനെപ്പറ്റിയുമുള്ള പല നിർദ്ദേശങ്ങളും ഡി. ജി. പി.യെ അറിയിച്ചിട്ടുള്ളതുമാകുന്നു.

(ഇ-എഫ്) ഇതു സംബന്ധിച്ച് വിവിധ തലങ്ങളിലുള്ള ആളുകളിൽ നിന്നും അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും ലഭിച്ചുകൊണ്ടിരിക്കുകയാണ്. അവ പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

മന്ത്രിമാർ തലസ്ഥാനത്തുണ്ടായിരുന്ന ദിവസങ്ങൾ

46(48) ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരിൽ ഓരോരുത്തരും എത്ര ദിവസം വീതം യാത്രയിലും തലസ്ഥാനത്തിന് പുറത്തും ആയിരുന്നെന്നും എത്ര ദിവസം വീതം തലസ്ഥാനത്തുണ്ടായിരുന്നുവെന്നും അറിയിക്കാമോ?

ഉത്തരം

ഇതു സംബന്ധിച്ച പൂർണ്ണമായ വിവരം ലഭ്യമല്ല.

രാഷ്ട്രീയ സംഘട്ടനങ്ങൾ

47 (50) ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ എത്ര രാഷ്ട്രീയ സംഘട്ടനങ്ങൾ ഉണ്ടായിട്ടുണ്ട് ;

(ബി) ഇവയിൽ സി.പി.ഐ. (എം) ഒരു വശത്തും സി.പി.ഐ. മറുവശത്തുമായി സി.പി.ഐ.(എം) ഒരുവശത്തും ബി.ജെ.പി., ആർ.എസ്.എസ്. എന്നിവ മറുവശത്തുമായും സി.പി.ഐ.(എം) ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് എന്നിവ തമ്മിലും സി.പി.ഐ.(എം) ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗ് എന്നിവ തമ്മിലും സി.പി.ഐ.(എം) കേരള കോൺഗ്രസ്സ് (എം) എന്നിവ തമ്മിലും എത്ര സംഘട്ടനം വീതമുണ്ടായിട്ടുണ്ട് ;

(സി) ഇവയിൽ ഓരോ രാഷ്ട്രീയകക്ഷിയിലുംപ്പെട്ട എത്രപേർ വീതം മരിച്ചു എത്ര പേർക്ക് വീതം പരിക്കേറ്റു ;

(ഡി) ഈ സംഘട്ടനങ്ങൾ സംബന്ധിച്ച് ഓരോ രാഷ്ട്രീയ കക്ഷിയിലും പെട്ട എത്ര പേരെ വീതം അറസ്റ്റു ചെയ്തു ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 31-5-2000 വരെ 3750 രാഷ്ട്രീയ സംഘട്ടനങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) ഇവയിൽ സി.പി.ഐ. (എം) ലും പോഷകസംഘടനയിലുംപ്പെട്ട 20 പേർ ബി.ജെ.പി./ആർ.എസ്.എസ്. കക്ഷിബന്ധമുള്ള 26 പേർ, കോൺഗ്രസ്സ് (ഐ) യുടെ 4 പേർ. മുസ്ലീം ലീഗിലെ 2 പേർ, ഇൻഡ്യൻ കമ്മ്യൂണിസ്റ്റു ലീഗിൽപ്പെട്ട ഒരാൾ എന്നിങ്ങനെ 53 പേർ മരിച്ചിട്ടുണ്ട്. കൂടാതെ സി.പി.എം. കക്ഷിയിൽപ്പെട്ട 2268 പേർക്കും, ബി.ജെ.പി., ആർ.എസ്.എസ്.ൽപ്പെട്ട 1030 പേർക്കും, കോൺഗ്രസ്സ് (ഐ)യിലെ 1263 പേർക്കും മുസ്ലീം ലീഗിലെ 318 പേർക്കും സി.പി.ഐ.യിലെ 228 പേർക്കും കേരള കോൺഗ്രസ്സ് (എം) -ലെ 5 പേർക്കും കൂടി ആകെ 5112 പേർക്ക് പരിക്കേറ്റിട്ടുണ്ട്.

(ഡി) അറസ്റ്റു ചെയ്യപ്പെട്ടവരുടെ എണ്ണം താഴെ കൊടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly